(ബി) ഇത് വളരെ വേഗത്തിൽ പടർന്നുപിടിക്കുന്ന ഒരു കീടബാധയാണോ; എങ്കിൽ വാഴ, പച്ചക്കറികൾ തുടങ്ങിയ വിളകൾക്ക് ഇത് കടുത്ത ഭീഷണി ഉയർത്തുമെന്ന് കരുതുന്നുണ്ടോ?

പ്ലേഗ് പുഴു വളരെ പെട്ടെന്ന് പെറ്റുപെരുകുമെങ്കിലും അവ വളരെപ്പെട്ടെന്നു തന്നെ നശിച്ചുപോകുന്നവയുമാണ്. വാഴ, പച്ചക്കറി, കപ്പ, ചേന, കളകൾ എന്നിങ്ങനെ വിവിധതരം സസ്യങ്ങളെ ഇവ ആക്രമിക്കുന്നുണ്ട്. പക്ഷേ ഒരൊറ്റ തലമുറയോടുകൂടി ഇവ നശിച്ച് പോകുന്നതായിട്ടാണ് കണ്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ ഇവ വിളകൾക്ക് വലിയ ഭീഷണിയുയർത്തുന്നില്ല.

(സി) പ്രസ്തുത കീടബാധ നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; ഇത് പടർന്നുപിടിക്കുന്നത് തടയുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

എറണാകുളം ജില്ലയിലെ പൂതൃക്ക പഞ്ചായത്തിലാണ് ഈ പുഴുവിന്റെ സാന്നിദ്ധ്യം ആദ്യമായി കണ്ടെത്തുന്നത്. പുഴുവിനെ കണ്ട സ്ഥലങ്ങളിലെല്ലാം പുഴുക്കളെ പ്രകൃത്യാതന്നെ നശിപ്പിക്കുന്ന വൈറസിനെയും കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് പുഴുക്കൾ വൈറസ് ബാധിച്ച് ചത്തുപോകുന്നുമുണ്ട്. വൈറസ് ബാധ ഉണ്ടായിരുന്നതു കൊണ്ട് പുഴുവിനെ കണ്ട മിക്ക സ്ഥലങ്ങളിലും മറ്റു നിയന്ത്രണമാർഗ്ഗങ്ങൾ അവലംബിക്കാതെതന്നെ പുഴു നശിച്ചുപോകുന്നതായിട്ടാണ് കണ്ടിട്ടുള്ളത്. പക്ഷികളും മറ്റും ഈ പുഴുക്കളെ ധാരാളമായി ഭക്ഷിക്കുന്നുണ്ട്. പുഴുക്കളുടെ എണ്ണം വളരെയധികം കണ്ട പത്തനംതിട്ട ജില്ലയിൽ മാത്രം കാർഷിക സർവ്വകലാശാലയുടെ നിർദ്ദേശ പ്രകാരം ഭക്ഷ്യക്കെണി ഉപയോഗിക്കുകയും അവയെ നിയന്ത്രിക്കുവാനും സാധിച്ചിട്ടുണ്ട്. ജൈവിക നിയന്ത്രണം സാധ്യമാക്കുന്നതിന് വേപ്പധിഷ്ഠിത കീടനാശിനിയായ (അസാഡിറാക്ടിൻ 300 ppm) ഫോളിയാർ സ്പ്രേയായി ഉപയോഗിക്കാവുന്നതാണ്. കൂടാതെ ക്ലോറാൻ ട്രാനിലിപ്രോൾ (chlorantraniliprole 18.5 Sc), ഫ്ലുബൻഡാമൈഡ് (Flubendiamide 39.35 Sc) എന്നിവയും ഈ കീടബാധയ്ക്കെതിരെ ഇലകളിൽ തളിക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ് എന്ന് സെൻട്രൽ ഇന്റഗ്രേറ്റഡ് പെസ്റ്റ് മാനേജ്മെന്റ് സെന്റർ (CI PMC) ശുപാർശ ചെയ്തിട്ടുണ്ട്.

കാർഷികവൃത്തിക്കായി കൂടുതൽ വായ്പകൾ

9(2728) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കാർഷിക മേഖലയിലേയ്ക്ക് പുതിയ തലമുറയെ ആകർഷിക്കുന്നതിനും കാർഷികവൃത്തിക്കായി കൂടുതൽ വായ്പകൾ ലഭ്യമാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക രംഗത്തേയ്ക്ക് കടന്നുവരുന്ന പുതിയ തലമുറയെ ആകർഷിക്കാൻ നൂതന കൃഷിരീതികൾ, യന്ത്രവത്ക്കരണം, വിപണനത്തിനുള്ള ആധുനിക സൗകര്യങ്ങൾ, മികച്ച വരുമാനം എന്നിവ അടിസ്ഥാനമാക്കി കൃഷി വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ അനുബന്ധം - I ആയും കാർഷികവൃത്തിക്കായി കൂടുതൽ വായ്പകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധം -II ആയും ചേർക്കുന്നു*.

കർഷക ക്ഷേമനിധി ബോർഡ്

10(2729) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുവാൻ വേണ്ടി ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ടോ; എത്രപേർ ഓൺലൈൻ വഴി രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗത്വം നല്കുന്നതിനായി ഓൺലൈൻ രജിസ്ട്രേഷനായി സോഫ്റ്റ്വെയർ തയ്യാറാക്കിക്കഴിഞ്ഞു. ഇതിന്റെ സുരക്ഷാ പരിശോധന നടന്നുവരുന്നു. ആയത് പൂർത്തിയായതിനുശേഷം രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്.

(ബി) എത്ര വർഷം അംശാദായം അടച്ചവർക്കാണ് പെൻഷന് അർഹത ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അഞ്ചു വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുകയും കുടിശ്ശിക ഇല്ലാതെ 60 വയസ്സ് വരെ അംശദായം അടച്ച് അംഗമായി തുടരുകയും ചെയ്ത കർഷകർക്ക് ഒടുക്കിയ അംശദായത്തിന്റെയും ഒടുക്കിയ കാലയളവിന്റെയും ആനുപാതികമായി പദ്ധതി പ്രകാരമുള്ള തുക പെൻഷൻ ആയി ലഭിക്കുന്നതാണ്. കൂടാതെ, ആക്ടിന്റെ പ്രാരംഭ തീയതിയിൽ (20-12-2019) 56 വയസ് പൂർത്തിയാക്കിയ ഏതൊരു കർഷകനും 65 വയസ് വരെ 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചു തീർക്കുകയും ചെയ്ത തീയതിയുടെ തൊട്ടടുത്ത മാസം മുതൽ അർഹമായ നിരക്കിൽ പെൻഷൻ ലഭിക്കുന്നതാണ്.

(സി) പെൻഷൻ അനുവദിക്കാനുള്ള വരുമാനം ക്ഷേമനിധി ബോർഡ് എങ്ങനെയാണ് സ്വരൂപിക്കുന്നത് എന്നത് വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly